**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 877** **10-08-2023 - ൽ മറുപടിയ്ക്ക്**

**ദളിത് വിദ്യാർത്ഥികൾക്ക് എതിരായ വിവേചനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2016-21 സർക്കാരിന്റെ കാലംമുതൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ ക്യാമ്പസുകളിൽ നിന്നും ദളിത് വിദ്യാർത്ഥികൾക്കെതിരായ വിവേചനങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2016–21 സർക്കാരിന്റെ കാലംമുതൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ ക്യാമ്പസുകളിൽ നിന്നും പട്ടികജാതി വിദ്യാർത്ഥികൾക്കെതിരായ വിവേചനങ്ങൾ സംബന്ധിച്ച 13 പരാതികൾ പട്ടികജാതി വികസന വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ക്യാമ്പസുകളിൽ ദളിത് വിദ്യാർത്ഥികൾക്ക് വിവേചനങ്ങൾ നേരിടാൻ കാരണമായ സാഹചര്യം എന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ ക്യാമ്പസുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിവേചനങ്ങൾ നേരിടാൻ കാരണമായ സാഹചര്യത്തെക്കുറിച്ചുള്ള പഠനം നിലവിൽ വകുപ്പ് മുഖേന നടത്തിയിട്ടില്ല. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരമുള്ള നിയമ പരിരക്ഷകൾ സംബന്ധിച്ച് ശരിയായ അവബോധം വിദ്യാർത്ഥികളിലും യുവാക്കളിലും സൃഷ്ടിക്കുന്നതിനും, ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കുമെതിരെ മികച്ച പരിരക്ഷ നേടുന്നതിന് പര്യാപ്തമാക്കുന്നതിനുതകുന്ന നിയമ അവബോധ ക്ലാസ്സുകളും സെമിനാറുകളും പട്ടികജാതി ഗ്രാമങ്ങൾ, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സംഘടിപ്പിയ്ക്കുന്നതിന് ലീഗൽ കൗൺസിലർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>അതിക്രമങ്ങൾക്കെതിരെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നിയമപരിരക്ഷ നൽകുന്നതിനായും ബോധവത്കരണം നടത്തുന്നതിനായും ജ്വാല (ജസ്റ്റിസ് വെൽഫയർ ആന്റ് ലീഗൽ അസിസ്റ്റന്റ്സ്) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതു വഴി നിയമബിരുദധാരികളായവർക്ക് തൊഴിൽ പരിചയവും ലഭിക്കും. പട്ടികജാതിക്കാരായ 87 പേരെ ലീഗൽ അസിസ്റ്റന്റ്, കൗൺസിലറായി ഹോണറേറിയത്തോടെ നിയമിച്ചിട്ടുണ്ട്. കൂടാതെ പട്ടികവിഭാഗം വിദ്യാർത്ഥികൾകളേയും യുവാക്കളേയും |

| | | | |
|---|---|---|---|
| | | | സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും അതിലൂടെ ടി വിഭാഗക്കാർ നേരിടുന്ന വിവേചനങ്ങൾ ഒഴിവാക്കുന്നതിനും പ്രാധാന്യം നൽകി വിജ്ഞാൻവാടികൾ, പട്ടികജാതി പട്ടികവർഗ്ഗ ഗ്രാമങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വികസനോത്സവം സംഘടിപ്പിയ്ക്കുന്നു. ഇതിലൂടെ വിദ്യാർത്ഥികളുടെയും യുവാക്കളുടേയും കഴിവുകൾ കണ്ടെത്തുന്നതിനും നേതൃശേഷി പരിപോഷിപ്പിയ്ക്കുന്നതിനും അവസരം നൽകി വരുന്നു. |
| (സി) | ദളിത് വിദ്യാർഥികൾക്കെതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിനും മുഖ്യധാരയിൽ പ്രവർത്തിക്കാൻ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | (ബി) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ